ജില്ല	കിലോമീറ്റർ
ആലപ്പുഴ	107.903
കോട്ടയം	45.015
ഇടുക്കി	11.000
എറണാകുളം	96.290
തൃശ്ശൂർ	48.306
പാലക്കാട്	100.000
മലപ്പുറം	76.550
കോഴിക്കോട്	35.000
വയനാട്	28.330
കണ്ണൂർ	45.000
കാസർഗോഡ്	25.630

കുട്ടനാട് നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

454. [646] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽപ്പെട്ട കാവാലം, കറുകയിൽ പാലം, പുളിംകുന്ന്, പുത്തൻതോട് പാലം എന്നിവയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്കു തയ്യാറാകും ?

ഉത്തരം

(എ) കാവാലം, പുളിംകുന്ന്, പുത്തൻതോട് എന്നീ സ്ഥലങ്ങളിൽ പണിയേണ്ട പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി വരുന്നു. കറുകയിൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തൃശ്ശൂർ ഐ ആർ പി സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ പരിശോധിച്ചു വരുന്നു. മുകളിൽ പറഞ്ഞ കാര്യങ്ങൾ പൂർത്തിയായ ശേഷമേ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ കഴിയൂ.

(ബി) മേൽ വിവരിച്ച സാഹചര്യത്തിൽ ടി പാലങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ പ്രയാസമുണ്ട്.

ഓവർബ്രിഡ്ജുകൾ

455. [647] ശ്രീ. പി. എം. അബൂബക്കർ :

,, പി. വി. മുഹമ്മദ് :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട് ;

(ബി) കോഴിക്കോട് ഫ്രാൻസിസ് റോഡ് ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

LIBRARY ARCHIVES Kerala Legislative Assembly